Draft #1 of File 15698/AC A1/2/2019/VC SECTION (PART-I) Approved by ASSISTANT REGISTRAR I ACADEMIC on 27-May-2019 11:06 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

മഹാത്മാഗാന്ധി സർവകലാശാല - 2019-20 അക്കാദമിക വർഷം മുതൽ പരിഷ്കരിച്ച സ്റ്റുഡന്റ് അഫിലിയേഷൻ ഫീസ്, മെട്രിക്കുലേഷൻ ഫീസ് എന്നിവ എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 2269/AC A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 27.05.2019

---

പരാമർശം:-1. അഫിലിയേറ്റഡ് ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മറ്റിയുടെ 03.05.2019-ൽ കൂടിയ യോഗത്തിന്റെ നടപടികുറിപ്പ്.

2. സർവ്വകലാശാലാ ഉത്തരവ് നമ്പർ 1931/AC A 1/2019/എം.ജി.യു തീയതി: 08.05.2019

**<u>ഉത്തരവ്</u>**

അഫിലിയേറ്റഡ് ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ നിരീക്ഷണ കമ്മറ്റിയുടെ 03.05.2019-ൽ കൂടിയ യോഗം, പരാമർശം (1) പ്രകാരം, സ്റ്റുഡന്റ് അഫിലിയേഷൻ ഫീസ്, മെട്രിക്കുലേഷൻ ഫീസ് എന്നിവ 2019-20 അക്കാദമിക വർഷം മുതൽ താഴെ പറയും പ്രകാരം പരിഷ്ക്കരിക്കുവാൻ ശുപാർശ ചെയ്തു.

| ക്രമ നമ്പർ | ഇനം | പരിഷ്കരിച്ച ഫീസ് | |
|---|---|---|---|
| | (ഒരു തവണ -പ്രവേശന വർഷം മാത്രം) | ബിരുദം | ബിരുദാനന്തര ബിരുദം |
| 1 | മെട്രിക്കുലേഷൻ ഫീസ് | 250 | 250 |
| 2 | സ്റ്റുഡന്റ് അഫിലിയേഷൻ ഫീസ് | 550 | 750 |

ടി ശുപാർശ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസിലർ (I/C) അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ അഫിലിയേറ്റഡ് ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ മേൽ ഫീസ് പരിഷ്കരണം 2019-20 അധ്യയന വർഷം മുതൽ പ്രാബല്യത്തിലായതായി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി ഫീസ് പരിഷ്കരണം എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും ബാധകമാക്കേണ്ടതിനാൽ മേൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന ഫീസ് നിരക്കുകൾ 2019 -20 അദ്ധ്യയന വർഷം മുതൽ എല്ലാ

അഫിലിയേറ്റഡ് കോളേജുകൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദനുസരണം പരാമർശം (2) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്റ്റാലിൻ .പി. എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ അഫിലിയേറ്റഡ് കോളേജുകളുടെ പ്രിൻസിപ്പൽമാർക്കും
2. ബന്ധപ്പെട്ട സെക്ഷനുകൾക്കു
3. വൈസ് ചാൻസിലർ /പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ മാർ
5. ജെ.ആർ/ഡി.ആർ/ എ.ആർ (അക്കാദമിക്/ഫിനാൻസ്/പരീക്ഷ)
6. കോൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി/എസി.എ 8/അന്വേഷണ വിഭാഗം
7. എ.സി.സി 1/പി.ആർ.ഒ/എ.സി.ബി 6/എ.സി.ബി 7 സെക്ഷനുകൾ
8. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 15698/AC A1/2/2019/VC SECTION (PART-I) Approved by ASSISTANT REGISTRAR I ACADEMIC on 27-May-2019 11:06 AM - Page 2